<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പതിനാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1919 — **06.07.2015-ൽ മറുപടിക്ക്.**

# കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (എ) അടുത്ത അഞ്ചുവർഷക്കാലത്ത് പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിച്ച് 21.12.2011-ൽ പുറപ്പെടുവിച്ച സ.ഉ (സാധാ) 3764/2011/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരമുള്ള പട്ടികയിൽ കൊയിലാണ്ടിയിലെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) ജനപ്രതിനിധികളടക്കം നിരന്തരമായി ഉന്നയിക്കുന്ന ഈ ആവശ്യത്തിന് അനുകൂലതീരുമാനം എടുക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;<br><br>(സി) ഫയർ & റെസ്ക്യൂ കമാണ്ടന്റ് ജനറൽ നൽകിയ റിപ്പോർട്ടിന്മേൽ നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ? | : (ബി)യും (സി)യും കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചതിൽ, കൊയിലാണ്ടി മുത്താമ്പി റോഡിൽ ഹോമിയോ ആശുപത്രിക്ക് സമീപം നഗരസഭ വാങ്ങിയ 28 സെന്റ് സ്ഥലത്തിനടുത്ത് 22 സെന്റ് സ്ഥലം വാങ്ങി സെന്റ് സ്ഥലം ഫയർ ഫോഴ്സിന് അനുവദിക്കുന്നതിന് നഗരസഭ തീരുമാനിച്ചുവെങ്കിലും സ്ഥിരം സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. എന്നാൽ പഴയ ബസ് സ്റ്റാന്റിൽ ഒഴിവുള്ള സ്ഥലത്ത് ഫയർ സ്റ്റേഷൻ താത്ക്കാലികാടിസ്ഥാനത്തിൽ ആരംഭിക്കുവാൻ നഗരസഭ തീരുമാനിച്ചുവെങ്കിലും പ്രസ്തുത സ്ഥലത്ത് ഇനിയും നിർമ്മാണപ്രവൃത്തികൾ നടത്തിയാൽ മാത്രമേ പ്രാവർത്തികമാകൂ. കൂടാതെ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകിവരുന്നുള്ളൂ. ആയതിനാൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കൊയിലാണ്ടിയിലെ ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

V. Beena

സെക്ഷൻ ഓഫീസർ